സ്വീകരിച്ച് ഡിമാൻഡ് നോട്ടീസ് നൽകി പണം സ്വീകരിക്കുന്നതുൾപ്പെടെയുള്ള എല്ലാ നടപടിക്രമങ്ങളും ഈ കാലയളവിലും സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം ഫീൽഡ് തലത്തിൽ നൽകിയിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തിയായാൽ മൺസൂൺ കാലം കഴിയുന്ന മുറയ്ക്കുതന്നെ മൊബൈൽ സേവനദാതാക്കൾക്ക് അവരുടെ പ്രവൃത്തികൾ പുനരാരംഭിക്കാൻ സാധിക്കുന്നതാണ്.

തിരുവെങ്കിടം റെയിൽവേ അടിപ്പാത നിർമ്മാണം

15(2371) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ തിരുവെങ്കിടം റെയിൽവേ അടിപ്പാതയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

തിരുവെങ്കിടം റെയിൽവേ അടിപ്പാത നിർമ്മാണം റെയിൽവേ നേരിട്ട് നടത്തുന്ന പ്രവൃത്തിയാണ്.

(ബി) ഗുരുവായൂർ റെയിൽവേ മേൽപ്പാലം നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വിശദീകരിക്കാമോ?

പദ്ധതിയുടെ നിർമ്മാണത്തിനായി 4-1-2021-ന് എഗ്രിമെന്റ് വച്ചിട്ടുണ്ട്. Design Build Transfer Mode-ൽ നടപ്പാക്കുന്ന ടി പദ്ധതിക്ക് മൂന്ന് മാസം ഡിസൈനുള്ള സമയമുൾപ്പെടെ 12 മാസമാണ് കാലാവധി. കരാറുകാരൻ സർവ്വേയും മണ്ണ് പരിശോധനയും പൂർത്തിയാക്കി Plan and Profile Drawing & General Arrangement Drawing ഐ.ഐ.ടി.-യുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. ആർ.ഒ.ബി.-കളുടെ ടെസ്റ്റ് Pile പൂർത്തിയാക്കി ടെസ്റ്റിംഗ് ജോലികൾ നടന്നുവരുന്നു. ഫൗണ്ടേഷൻ വരെയുള്ള ഡിസൈനുകളും കരാറുകാരൻ സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ പരിശോധനകൾ പൂർത്തിയാക്കി ആഗസ്റ്റ് ആദ്യവാരത്തോടെ പൈലിംഗ് ജോലികൾ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നിർമ്മാണ സ്ഥലങ്ങളിലെ K.S.E.B.L, Water Authority, BSNL എന്നിവയുടെ കേബിളുകളും പൈപ്പുകളും മാറ്റുന്നതിനുള്ള നടപടികളും നടന്നുവരുന്നുണ്ട്. Utility shifting Estimate കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്.

മലപ്പുറം ജില്ലയിൽ പുതിയ പി.ഡബ്ല്യു.ഡി. ഓഫീസുകൾ

16(2372) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പുതിയ പി.ഡബ്ല്യു.ഡി. ഓഫീസുകൾ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെന്ന് വിശദീകരിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly